**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **02-02-2024 - ൽ മറുപടിയ്ക്ക്**

**പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല ടെസ്റ്റിംഗ് സ്റ്റേഷനിലേക്കുള്ള അപ്രോച്ച് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയ ഒരു കോടി മുപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗതഗാത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് B3-43/2024-Trans ഫയലിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ട് ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ ഗൈഡ്‌ലൈൻസിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ (CVTS), ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനായി ഉയർത്തുവാനുള്ള നടപടികൾ പുരോഗമിച്ച് വരുകയാണ്. |
| (സി) | പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം, ചെലവഴിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ? | (സി) | പാറശ്ശാല ടെസ്റ്റിംഗ് സ്റ്റേഷന്റെ FMS മായി ബന്ധപ്പെട്ട് സർവ്വീസ് പ്രൊവൈഡറായ കെൽട്രോണിന് 49,05,370/- രൂപ (നാൽപ്പത്തിഒമ്പത് ലക്ഷത്തി അയ്യായിരിത്തി മുന്നൂറ്റി എഴുപത് രൂപ) നൽകിയിട്ടുള്ളതാണ്. കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ (MoRTH) മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിലേക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ ടെമ്പററി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുകയും അപ്ഗ്രേഡേഷനു വേണ്ടി പരിഷ്കരിച്ച പ്രൊപ്പോസൽ. സർവ്വീസ് ദാതാവായ കെൽട്രോണിൽ നിന്നും ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ